# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 534 29.06.2015-ലെ മറുപടിയ്ക്ക്

## ചരക്ക്സേവന നികുതി നേട്ടവും നഷ്ടവും

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.ടി.എം.തോമസ് ഐസക് | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ) ചരക്ക് സേവന നികുതി (ജി.എസ്.ടി) നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെയും കോട്ടങ്ങളെയും കുറിച്ച് ധനകാര്യവകുപ്പ് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ; | (എ) ചരക്ക് സേവന നികുതി പ്രാപ്യ സ്ഥാനത്തു നികുതി ലഭ്യമാകുന്ന നികുതി സമ്പ്രദായമായതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഗുണകരമായി ഭവിക്കാനാണ് സാദ്ധ്യത. പുറമേ സേവനങ്ങളിലും നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കു ലഭ്യമാകും. ഇപ്പോൾ ഇതു നടപ്പിലാക്കുന്നതിനുള്ള ഭരണഘടനാ ഭേദഗതി ബില്ലിന്റെ ചർച്ച നടന്നു വരുന്നതേയുള്ളൂ. ആയതിനാൽ വ്യക്തമായ ഒരു ധാരണ ഉരുത്തിരിഞ്ഞിട്ടില്ലാത്തതിനാൽ ഈ ഘട്ടത്തിൽ അനന്തര ഫലങ്ങളെ കുറിച്ച് വിലയിരുത്തിയിട്ടില്ല. |
| (ബി) നിലവിലുള്ള നികുതികളുടെയും നികുതി നിരക്കുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിലുണ്ടാകുന്ന അവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനം നിലവിൽ നടപ്പിലാക്കുന്ന നികുതികളായ വാറ്റ്, ആഢംബര നികുതി, സി.എസ്.റ്റി, പ്രവേശന നികുതി, സർചാർജ്ജ്, സെസ്സ്, ലോട്ടറി നികുതി തുടങ്ങിയ നികുതികൾ അതിൽ ലയിക്കും. ഇതു പരിഗണിച്ച് സംസ്ഥാനങ്ങൾക്ക് നികുതി നഷ്ടമുണ്ടാകാതെയുള്ള റവന്യൂ ന്യൂട്രൽ റേറ്റ് എത്രയായിരിക്കണം |

| | | | |
|---|---|---|---|
| | | | എന്നുള്ളതിനെപ്പറ്റിയുള്ള ചർച്ച നടന്നു വരുന്നതേയുള്ളൂ. State Goods and Service Tax (SGST) rate തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൂടുതൽ വിശദാംശങ്ങൾ ഈ ഘട്ടത്തിൽ പറയാനാകില്ല. |
| (സി) | സംസ്ഥാന സർക്കാരുകൾക്ക്, അടിസ്ഥാന ചരക്ക് സേവന നികുതി നിരക്കിൽ എത്ര ശതമാനം വരെ വർദ്ധന വരുത്താൻ സ്വാതന്ത്ര്യമുണ്ട് ; വിശദമാക്കാമോ ; | (സി) | ഇതിനെപ്പറ്റിയുള്ള വ്യക്തമായ ധാരണ ഉരുത്തിരിഞ്ഞിട്ടില്ല. |
| (ഡി) | സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് നേരിട്ടാൽ അത് എത്ര വർഷം എന്തു തുക വരെ കേന്ദ്രം നല്കും ? | (ഡി) | സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് നേരിട്ടാൽ 5 വർഷം വരെ കേന്ദ്രഗവണ്മെന്റ് നഷ്ടപരിഹാരം നല്കുന്നതാണ്. നിലവിലെ ഭരണഘടനാ ബിൽ പ്രകാരം ആദ്യത്തെ 3 വർഷം 100% ഉം നാലാം വർഷം 75% ഉം അഞ്ചാം വർഷം 50% വുമാണ് നഷ്ടപരിഹാരം ലഭ്യമാകുന്നത്. ഇതിനെപ്പറ്റിയുള്ള കൂടുതൽ ചർച്ചകൾ സംസ്ഥാന ധനമന്ത്രിമാരുടെ ഉന്നതതല സമിതിയിൽ നടന്നു വരുകയാണ്. |

**സെക്ഷൻ ഓഫീസർ**